LIMA WORLD LIBRARY



# കാലത്തിന്റെ എഴുത്തകങ്ങൾ – (ഡോ. മുഞ്ഞിനാട് പത്മകുമാർ)

September 18, 2023

Share








## യാത്രകളുടെ ശേഷിപ്പുകൾ- തുടർച്ച ....

ഫിൻലാൻഡ് യാത്രയുടെ അവസാനം യാത്രികൻ ഹെൽസിങ്കിയുടെ സൗന്ദര്യം ആസ്വദിച്ച് നടക്കുമ്പോൾ ഒരിന്ത്യൻ റസ്റ്റാറന്റ് കണ്ട അനുഭവം പങ്കുവയ്ക്കുന്നുണ്ട്. അത് പ്രത്യേകം ശ്രദ്ധയാകർഷിക്കുന്ന ഒരനുഭവമാണ്. ആ റസ്റ്റാറന്റിന്റെ പേര് തന്നെ പ്രത്യേകം ശ്രദ്ധ ആകർഷിക്കുന്ന ഒരനുഭവമാണ്. ആ റസ്റ്റാറന്റിന്റെ പേര് തന്നെ പ്രത്യേകതയുള്ളതാണ്. 'ഗാന്ധി റസ്റ്റോറന്റ്.' ഇതുപോലെ സ്പെയിൻ റിയൽ മാഡ്രിഡ് സ്റ്റേഡിയത്തിനടുത്തും ആംസ്റ്റർഡാം ഹാർലിമിയിലും ഗാന്ധി ഹോട്ടലു കൾ കണ്ടതായി കാരൂർ രേഖപ്പെടുത്തുന്നുണ്ട്. ഇതെല്ലാം സംസ്കാരത്തിന്റെ തന്നെ സവിശേഷമുദ്രകളായി തന്നെ തിരിച്ചറിയാവുന്നവയാണ്. കാലം കഴിഞ്ഞും നമ്മുടെ മനസ്സിന്റെ ഉൾപ്പിരിവുകളിൽ ചേർത്തു വയ്ക്കാവുന്ന ഓർത്തെടുക്കാവുന്ന മുഹൂർത്തങ്ങൾ. ഇത്തരം മുഹൂർത്തങ്ങളെ കണ്ടെടുത്ത് അത് സംസ്കാരത്തിന്റെയും കാലത്തിന്റെയും ഒപ്പം നിർത്തി വിചിന്തനം ചെയ്യുമ്പോഴാണ് പലപ്പോഴും അത് കാലഗന്ധിയായ ഒരനുഭവമായിത്തീരുന്നത്. ഫിൻലൻഡ് യാത്രാവിവരണത്തിലെ മണക്കും മുഹൂർത്തങ്ങൾ അതാണ് ഓർമ്മിപ്പിക്കുന്നത്. ഇതൊന്നും വെറും യാത്രകളല്ല. സംസ്കാരത്തിലേക്ക് തുറന്നു പിടിച്ച സാംസ്കാരിക യാത്രകളാണ്. അതുകൊണ്ടാണ് വീണ്ടും വീണ്ടും ഈ യാത്രാപുസ്തകങ്ങളിലൂടെ കടന്നുപോകാൻ വായനക്കാരനെ പ്രേരിപ്പിക്കുന്നത്.

കാരൂരിന്റെ സഞ്ചാരസാഹിത്യകൃതികളിൽ ശ്രദ്ധേയമായ ഒരു പുസ്തകമാണ് 'കന്യാസ്ത്രീ കാക്കളുടെ നാട്'. ലോക സഞ്ചാരിയായ കാരൂരിന്റെ അനഭവങ്ങളുടെ കയ്യൊപ്പ് ചാർത്തിയ പുസ്തകമാണിത്. ആഫ്രിക്കൻ ഭൂപ്രകൃതിയുടെ വന്യസൗന്ദര്യമാകെ ഒരു ചിപ്പിയിലെന്നപോലെ ഒതുക്കിപ്പറയുക സാഹസിതകതയാണ്. ഈ സാഹസികതയെയാണ് വളരെ മികച്ച രീതിയിൽ വായനയുടെ രസച്ചരട് പൊട്ടാതെ കാരൂരിലെ യാത്രികൻ അനുഭവിച്ച് അവതരിപ്പിച്ചിരിക്കുന്നത്. ഈ എഴുത്തിന് മറ്റൊരു പ്രത്യേകത കൂടിയുണ്ട്. ഒരു ഫിക്ഷന്റെ ലാവണ്യ നിയമങ്ങൾക്കനുസൃതമായാണ് യാത്രികൻ ഈ പുസ്തകം തയ്യാർ ചെയ്തിട്ടുള്ളത്. അതുകൊണ്ട് തന്നെ ആഫ്രിക്കൻ ഭൂപ്രദേശം പോലെ, വായനയിൽ ഹൃദ്യമായ ഒരനുഭൂതി എന്നതിനപ്പുറം കാലത്തിന്റെയും ജീവിതത്തിന്റെയും സമ്മിശ്രമായ ഒരനുഭവതലം കൂടി യാത്രികൻ ഈ കൃതിയിലൂടെ വെളിപ്പെടുത്തുന്നുണ്ട്. 'രാജധാനി വിട്ടിറങ്ങിയ രാജകുമാരൻ' എന്ന ആദ്യ അദ്ധ്യായത്തിൽ തന്നെ അതിന്റെ കതിർക്കനമുള്ള അനുഭവസത്തയുണ്ട്. ലോകത്തിലെ തന്നെ അത്യപൂർവ്വമായ ആവാസ വ്യവസ്ഥയാൽ അനുഗ്രഹീതമായ ബോട്സ്വാനയുടെ വിരിമാറിലൂടെ സമാരംഭിക്കുന്ന യാത്ര ആനന്ദപ്രദവും ഉല്ലാസപ്രദവുമാണ് അതിന് പരിഭ്രാന്തി യുടെ ഒരു സുഖവും കൂടിയുണ്ട്. സിംബാബ്വേയിലെ ഏറ്റവും ഉയരമുള്ള ന്യൂഗാനി പർവത നിരകളിലേക്കുള്ള യാത്ര ഉദ്വേഗജനകമാണ്. ഇരുണ്ട രഹസ്യങ്ങളുടെ താവളമായ ആഫ്രിക്കൻ യാത്രകളുടെ ഉത്തുംഗ ഗിരിമകുടമാണ് ന്യൂഗാനി പർവ്വതം. ആരിലും ഭയം ജനിപ്പിക്കുമാറുതകുന്ന ഗിരിമസ്തകം. അതിന്റെ വന്യതയ്ക്ക് ഇത്തിരി അയവു വരുത്താനെന്ന വണ്ണം യാത്രികന്റെ മനസ്സിലൂടെ അല്പാല്പമായി ചില ഭാഷാ പ്രയോഗങ്ങൾ കാവ്യാത്മകമായി അനുഭവപ്പെട്ടതായി തോന്നി. 'ആകാശം പ്രളയ കാലമേഘങ്ങളെപ്പോലെ ഗർജ്ജിക്കുന്നു' എന്നും 'സൂര്യകിരണങ്ങളെ പർവ്വത നിരകൾ വിഴുങ്ങിയതായി തോന്നി' എന്നും യാത്രികനായ കാരൂർ എഴുതുമ്പോൾ അതെല്ലാം സ്വരസുഗന്ധം പേറുന്ന കാല്പനികതയുടെ അമൃതവർഷമായി വായനക്കാർക്ക് തോന്നും. ഇത്തരമൊരു പാട് കല്പനകൾ പുസ്തകത്തിൽ അങ്ങിങ്ങായി ഈ യാത്രികൻ കൊരുത്തിട്ടുണ്ട്. പ്രധാനമായും പതിനാറ് അദ്ധ്യായങ്ങളാണ് ഈ യാത്രാപുസ്തകത്തിലുള്ളത്. ഈ അദ്ധ്യായങ്ങളിൽ പലതും ഉദ്വേഗഭരിതവും ഭീതിജനകവുമായ ഒരനുഭവം പങ്കിടുന്നവയാണ്. ഭീമൻ കുന്നിലുറങ്ങുന്ന ദേവാലയം, അഗ്നികുണ്ഡത്തിലെരിയുന്ന രോഗങ്ങൾ, കണ്ണുകൾ കണ്ട് ഭയക്കുന്ന വന്യമൃഗങ്ങൾ തുടങ്ങി വ്യത്യസ്തമായ അനുഭവരാശികളിലൂടെ മുന്നേറുന്ന കഥാകഥനരീതിയാണ് കാരൂരിലെ യാത്രികൻ ഈ പുസ്തകത്തിലൂടെ അവതരിപ്പിച്ചിരിക്കുന്നത്. ഈ അവതരണം മലയാള ത്തിൽ ഏറെ പുതുമയുള്ള ഒരു രീതിയാണ്. ആ അർത്ഥത്തിൽ ഒരുത്തമ കലാസൃഷ്ടിയുടെ അനുപമമായ ലാവണ്യ സംസ്കാരം വിളക്കിച്ചേർക്കാൻ കാരൂരിലെ യാത്രികന് കഴിഞ്ഞിരിക്കുന്നു എന്നത് ശ്രദ്ധേയമായൊരു നേട്ടമാണ്. ഒരു കലാസൃഷ്ടിയുടെ സാരവത്തായ അനുഭവതലം കാരൂരിന്റെ ഇതര സഞ്ചാരകൃതികളിൽ കണ്ടെത്താനും അനുഭവിക്കാനും കഴിയും. ഇത്തരം സത്താപരമായ അനുഭവ പ്രപഞ്ചത്തെ കാലികമായ സാമൂഹിക ജീവിതത്തിനോട് ചേർത്തു വയ്ക്കുമ്പോഴാണ് ഏതൊരു സാഹിത്യകൃതിയും അതിന്റെ ഉന്നതവും ഉദാത്തവുമായ സാംസ്കാരിക നിർമ്മിതിക്ക് കാരണ ഭൂതമാകുകയുള്ളൂ. ഇത്തരം അനുഭവങ്ങളുടെ ഒരു പരിച്ഛേദമാണ് കാരൂരിന്റെ യാത്രാപുസ്തകങ്ങൾ. 'കാറ്റിൽ പറക്കുന്ന പന്തുകൾ' എന്ന യാത്രാ പുസ്തകത്തിന് പ്രശസ്ത എഴുത്തുകാരൻ ശ്രീ. സി. രാധാകൃഷ്ണൻ എഴുതിയ ആമുഖം വായിച്ചാൽ ഇതിന്റെ ആഴവും പരപ്പും ആധികാരികതയും തിരിച്ചറിയാനാകും. ശ്രീ. സി. രാധാകൃഷ്ണൻ എഴുതുന്നു. 'ചരിത്രസുരഭിലവും ബഹുതല സ്പർശിയുമായ കഴിവുകൾ കൊണ്ട് ലോകശ്രദ്ധ പിടിച്ചു പറ്റിയിട്ടുള്ളതുമായ ഒരു നാടിനെ വെറും തൊണ്ണൂറ് പേജുകളിൽ പരിചയപ്പെടുത്തുക എന്നത് വലിയ സാഹസം. പരക്കെ കാണാനും ചുരുക്കി പറയാനും കഴിയുന്ന ഒരാൾക്ക് മാത്രമേ ഇതു സാധിക്കൂ. സർഗ്ഗധനനായ കാരൂർ സോമൻ ഈ വെല്ലുവിളി വിജയകരമായി ഏറ്റെടുത്തിരിക്കുന്നു. കഥാകൃത്തായ ഇദ്ദേഹം ചരിത്രം പറയുന്നത് കഥപോലെയാണ്. ചരിത്രത്തിന്റെയും ഭൂമിശാസ്ത്രത്തിന്റെയും വിരസത തീർത്തും ഒഴിവാകുന്നു. ദേശീയത എന്നത് എങ്ങനെ ഉറവെടുക്കുന്നു, നിലനിൽക്കുന്നു, വളരുന്നു എന്ന കാര്യം നമുക്ക് ഈ പുസ്തകത്തിൽ നിന്ന് സ്പഷ്ടമായി മനസ്സിലാകും. മാനവരാശിയുടെ മൊത്തം ഭാവി രൂപ പ്പെടുത്തുന്നതിൽ വിവിധദേശിയതകൾ എത്രത്തോളം എങ്ങനെ പങ്കു പറ്റണം എന്ന് നമുക്ക് വ്യക്തമായി കിട്ടുകയും ചെയ്യു' കാരൂരിന്റെ എഴുത്തു ജീവിത ദർശനം കൂടി വെളിപ്പെടുത്തുന്ന നിരീക്ഷണമാണ് ശ്രീ. സി. രാധാകൃഷ്ണൻ ഈ കുറിപ്പിലൂടെ അവതരിപ്പിച്ചിരിക്കുന്നത്. ദീർഘമായ പ്രവാസജീവിതത്തിന്റെ ആഴമുള്ള അനുഭവ പ്രപഞ്ചമാണ് കാരൂരിന്റെ എഴുത്തുലോകം. അതിൽ തന്നെ സമഗ്രദർശനം ഉൾക്കൊള്ളുന്ന അതിവിശാലമായ ലോകക്കാഴ്ചയാണ് അദ്ദേഹത്തിന്റെ യാത്രാ പുസ്തകങ്ങൾ. ഓരോ നിമിഷവും തിടം വച്ചുണരുന്ന അന്വേഷണതൃഷ്ണയാണ് ഈ യാത്രാ പുസ്തകങ്ങളുടെയെല്ലാം കരുത്തും സൗന്ദര്യവും. എത്തുന്ന ദേശത്തിന്റെ സാംസ്കാരിക സാമൂഹിക പശ്ചാത്തലങ്ങളും ജനജീവിതവും ചരിത്രബോധവും കാരൂരിന്റെ കാഴ്ചകളിൽ സക്രീയമായി കടന്നുവരുന്നുണ്ട്.

ലോകത്തിലെ ഏഴുകലകളുടെയും തലസ്ഥാനനഗരിയായ 'വിയന്ന' യിലേക്ക് യാത്രികൻ നടത്തുന്ന സഞ്ചാരം (കനകനക്ഷത്രങ്ങളുടെ നാട്ടിൽ) ചരിത്രത്തിലേക്കും സംസ്കാരത്തിലേക്കും സംഗീതത്തിലേക്കും തുറന്നു വച്ച ഒരനുഭവമാണ്. മനോഹരമായ ഈ യാത്രാ പുസ്തകത്തിൽ മൊസാർട്ടിനെയും ബീഥോവനെയും പരാമർശിക്കുന്നൊരദ്ധ്യായമുണ്ട്. തീക്ഷ്ണവ്യക്തിത്വം പേറിയ, പ്രതിഭാധനരായ രണ്ടു നക്ഷത്രങ്ങളെ കാരൂർ കുറഞ്ഞ വാക്കുൾ കൊണ്ട് അടയാളപ്പെടുത്തുമ്പോൾ അവരുടെ ജീവിതകഥകളിൽ ഒരിക്കലും നാം കണ്ടിട്ടില്ലാത്ത ഒരു അത്ഭുതലോകം പിറന്നുവീഴുന്നത് കാണാം. നമുക്കറിയാവുന്ന മൊസാർട്ടും ബീഥോവനും സംഗീതജ്ഞരാണ്. എന്നാൽ അവരുടെ ജീവിതത്തിന്റെ ആഴങ്ങളിലേക്ക് ഒരിക്കലും നാം കടന്നു ചെന്നിട്ടില്ല. ആ ജീവിതങ്ങളെ, ആരും ഇതുവരെയും രേഖപ്പെടുത്തിയിട്ടില്ലാത്ത നേരുകൾ കൊണ്ട് കാരൂർ വരച്ചിരുന്നു. അതുകൊണ്ട് തന്നെ ഈ എഴുത്തിന് ഒരു സാംസ്കാരിക വായനയുടെ അനുഭവതലം കൂടിയുണ്ട്. കാരൂർ എഴുതുന്നു 'ലൂഡ്വിഗ് ബീഥോവൻ' എന്ന വയലിൻ മാന്ത്രികന്റെ സിംഫണി എക്കാലത്തെയും ലോകക്ലാസിക്. ജർമ്മൻ കമ്പോസറും പിയാനിസ്റ്റുമായ കാലത്തിന്റെയും ഒരേ സമയം സഹചാരിയായിരുന്നു. പാശ്ചാത്യക്ലാസിക്കൽ മ്യൂസിക്കിന്റെ ഭ്രാന്തമായ ആവേശം തലയ്ക്കുപിടിച്ചു സംഗീതത്തിനു സ്വന്തം രൂപവും ഭാവവും നൽകിയ മഹാനുഭാവൻ. താൻ ചിട്ടപ്പെടുത്തിയത് കേൾക്കാനുള്ളഭാഗ്യം ബീഥോവനുണ്ടായില്ല. പൂർണമായി ശ്രവണസുഖം നഷ്ടപ്പെട്ട പ്പോഴേക്കും അദ്ദേഹം എക്കാലത്തെയും വലിയ സിംഫണി ചിട്ടപ്പെടുത്തി. ഇങ്ങനെ കാര്യമാത്ര പ്രസക്തമായി കാഴ്ചപ്പുറങ്ങളെ അതിന്റെ ജീവിതയാഥാർത്ഥ്യങ്ങളുമായി ചേർത്തുവച്ച് പുതിയൊരു ആസ്വാദന സംസ്കാരം സൃഷ്ടിക്കാൻ കഴിയുന്നു എന്നത് ഉത്കൃഷ്ടമായ ഒരനുഭവ സംസ്കാരമാണ്. ഇതേ അനുഭവത്തിന്റെ മറുപുറത്താണ് 'ഹിറ്റ്ലർ സമം ഏകാധിപത്യം' എന്ന അദ്ധ്യായം കടന്നുവരുന്നത്. കാരൂർ എഴുതുന്നത് ശ്രദ്ധിക്കുക. "ഹിറ്റ്ലറിന്റെ അനുയായികൾക്ക് വിശുദ്ധപുസ്തകമായിരുന്ന മെയിൻ കാംഫ് ജർമ്മനിയുടെ പരാജയത്തോടെ വിലക്കപ്പെട്ട പുസ്തകമായി മാറി. പക്ഷേ, ഈ ആധുനിക കാലത്ത്, എഴുത്തുകാരനെ വെറുക്കുമ്പോഴും അയാളുടെ വാക്കുകളിലേക്ക് കാലദേശമന്യേ വായനക്കാർ കുതിച്ചെത്തിക്കൊണ്ടിരിക്കുകയാണ്. ഇങ്ങനെയെല്ലാം ആഴത്തിൽ ഒഴുകിക്കിടക്കുന്ന നിരീക്ഷണങ്ങളിലൂടെ ഉരുത്തിരിഞ്ഞുവരുന്ന കാലത്തിന്റെ അനുഭവപ്രപഞ്ചം മലയാളത്തിന്റെ യാത്രാവിവരണശാഖയ്ക്ക് നൽകുന്ന പുത്തനുണർവ് അഭിനന്ദനാർഹമായ ഒന്നാണ്. കാരൂരിലെ എഴുത്തുകാരൻ (യാത്രികൻ) ,സ്വയം നവീകരിക്കുകയും അത്തരം നവീകരണപദ്ധതിയിലൂടെ ഭാഷയെയും നവീകരിക്കുകയാണ് ചെയ്യുന്നത്. അതുകൊണ്ട് തന്നെ മഹത്തായ ഈ യാത്രാപുസ്തകങ്ങൾ ഒരു കാലഘട്ടത്തിന്റെ ചരിത്ര സാംസ്കാരിക സാമൂഹ്യ ജീവിതത്തിലേക്കു തുറന്നു വച്ച ഒരു മൂന്നാം കണ്ണുകൂടിയാണ്."

About The Author

LIMA

See author's posts

Previous article
തൃപ്തി – ( ശ്രീ മിഥില )

Next article
കളക്ടർ മേക്കപ്പിടാത്തത് എന്തുകൊണ്ട്...?

### LEAVE A REPLY

Comment:

Name:*

Email:*

Website:

Save my name, email, and website in this browser for the next time I comment.

Post Comment

NEWSEWS

- വൈകിവന്ന വിവേകം { അദ്ധ്യായം 13 } – മേരി അലക്സ് ( മണിയ ) — December 19, 2023
- MALABAR AFLAME : Lesson 15 – (Karoor Soman) — December 19, 2023
- കഥാകാരൻറെ കനൽവഴികൾ , അദ്ധ്യായം 8 – ( ആത്മകഥ – കാരൂർ സോമൻ ) — December 19, 2023
- കാലിന്റെ ഇടയിൽ കയറുന്ന ഭൃതച്ചെറുക്കൻ. – (ലീലാമ്മ തോമസ് ബോട്സ്വാന) — December 19, 2023
- കണ്ണിന് കുളിരായി (ഫ്രാൻസ്) – കാരൂർ സാമൻ — December 19, 2023

Search

Search

HOT NEWS

IPL 2024: ഐപിഎൽ ലേലത്തിന് മുമ്പേ പിന്മാറിയ മൂന്ന് വിദേശതാരങ്ങൾ
December 18, 2023

'ദാവൂദ് ഇബ്രാഹിം ആശുപത്രിയിൽ'; റിപ്പോർട്ടുകൾ തള്ളി ഇന്റലിജൻസ് വൃത്തങ്ങൾ
December 18, 2023

ഡൽഹിയിൽ തണുപ്പ് വർദ്ധിക്കുന്നു; മുന്നറിയിപ്പുമായി IMD
December 18, 2023

LITERATURE

നവകേരള സദസിൽ ലഹരിമുക്ത കേരളം അജണ്ടയാക്കണം – കെ സി ബി സി മദ്യ വിരുദ്ധ സമിതി
November 30, 2023

മറഞ്ഞത് വേറിട്ട രചനാശൈലിയുടെ മുഖം: എഴുത്തുകാരി പി വത്സല അന്തരിച്ചു
November 22, 2023

Adventures of Super boy Ramu, ചാടും ചുണ്ടെലിയുടെ കഥ, ഈസോപ്പ് കഥകൾ എന്നീ പുസ്തകങ്ങൾ പ്രകാശനം ചെയ്തു.
November 22, 2023

COVID CASES

All countries
699,809,369
Total confirmed cases

LIMA WORLD LIBRARY

Disclaimer

Articles and opinions expressed or published in this website are exclusively the views of the authors. Neither the editor nor the publishers are responsible or liable for the contents, objectives or opinion of the articles in any form. LIMA World Library does not claim any credit for images posted on this website unless otherwise noted. The images are copyright to its respectful owners or authors. If there is any copyrighted material/images that belongs to you on this website, and do not wish for it to appear on the website, please email with a link to the said material/image, and it will be promptly removed.

Contact us: contactlimaworldlibrary@gmail.com

FOLLOW US